# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1440** **04.02.2019-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ കൃഷി വികസനം**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യ കൃഷി വികസനത്തിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| ബി) പാടശേഖര മത്സ്യകൃഷി, ഉൾനാടൻ ശുദ്ധജല മത്സ്യ കൃഷി എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ? | ബി) പാടശേഖര മത്സ്യകൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് 100 ഹെക്ടർ വിസ്തൃതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഇൻഫ്രാ സ്ട്രെക്ച്ചർ ഡെവലപ്മെന്റ് കോസ്റ്റ് ആയി 12 ലക്ഷം രൂപയും പ്രവർത്തന ചെലവിന് 8 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ നിരക്കിൽ 40% സബ്സിഡി ആയി കർഷകർക്ക് നൽകി വരുന്നു.<br>കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ National Adaptation Fund for Climate Change എന്ന സ്കീമിൽ ഉൾപ്പെടുത്തി കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി 2015-19 അഡാക്ക് വഴി നടപ്പിലാക്കി വരുന്നു. ആലപ്പുഴ, എറണാകുളം, തൃശൂർ (പൊക്കാളി), കണ്ണൂർ (കൈപ്പാട്) എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ടാർജറ്റ് 600 ഹെക്ടറാണ് (പൊക്കാളി-300 ഹെക്ടർ, കൈപ്പാട് - 300 ഹെക്ടർ). ഒരു യൂണിറ്റിന്റെ വിസ്തൃതി 5 ഹെക്ടർ ആയാണ് കണക്കാക്കിയിട്ടുള്ളത്. 80% സബ്സിഡിയും ട്രെയിനിംഗും ഗുണഭോക്തൃ ഗ്രൂപ്പിന് നൽകി വരുന്നു. ശുദ്ധജല മത്സ്യകൃഷിയിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്കായി കർഷകർക്കുള്ള സഹായം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

**2016-17**

മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം മത്സ്യ സമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലേയും ടാങ്കുകളിലേയും മത്സ്യകൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, അടുക്കള കുളങ്ങൾ, മാതൃകാ കൂട് കൃഷി യൂണിറ്റുകൾ, മാതൃകാ മത്സ്യ ഫാമുകൾ, പടുതാക്കുളങ്ങളിലെ മത്സ്യ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതി പ്രകാരം മത്സ്യകൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും, ഓരുജലാശങ്ങളിലെ കൂടു കൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം തുടങ്ങിയ പദ്ധതികൾക്കുമായി 510.1 ലക്ഷം രൂപ കേന്ദ്രവിഹിതം ലഭിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷിരീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശന കുളങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, ഓരുജല മത്സ്യങ്ങളുടെ കൂട്ട കൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF കാരചെമ്മീൻകൃഷി, റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കല്ലുമ്മക്കായകൃഷി, ഗിഫ്റ്റ്, നാരൻ ചെമ്മീൻകൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്.

**2017-18**

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ ക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോത്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും നിലവിലുള്ള

ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും അക്വാകൾച്ചർ വികസനത്തിനായി 2838 ലക്ഷം രൂപയുടെ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 2530 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും ടി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലുമാണ്.

## 2018-19

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 390 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോദ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും വികസനങ്ങൾക്കുമായി 1800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെട്ടുത്തിയിട്ടുണ്ട്. ഇതിൽ ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചതിൽ ഓരു ജലാശയങ്ങളിലെ കൂടുകൃഷി, കല്ലുമ്മേക്കായ കൃഷി, പുന:പര്യയന മത്സ്യകൃഷി, മത്സ്യകൃഷിയ്ക്കായി വാട്ടർ ലോഗ്ഡ് പ്രദേശം പുനരുദ്ധരിക്കൽ എന്നീ പദ്ധതികൾക്ക് ആകെ 739.6 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതികൾ ജില്ലകൾ മുഖേന നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ 2018-19 സാമ്പത്തിക വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻകൃഷി, ശുദ്ധ ജലാശയങ്ങളിലെ കൂടുകൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ 2018-19 വർഷത്തിൽ 'മുറ്റത്തൊരു മീൻതോട്ടം' പദ്ധതി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. ടി പദ്ധതിയിലൂടെ ചെറിയ കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സൗജന്യമായി ട്രെയിനിംഗും മത്സ്യവിത്തും അഡാക്ക് വഴി നൽകി വരുന്നു.

**സെക്ഷൻ ആഫീസർ**

# അനുബന്ധം (ബി)

| ക്രമ നം | പദ്ധതി | യൂണിറ്റ് കോസ്റ്റ് | കർഷകർക്കു നൽകുന്ന ആനുകൂല്യം (സബ്സിഡി - 40% യൂണിറ്റ് കോസ്റ്റ്) |
|---|---|---|---|
| 1 | ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി | 2.5 ലക്ഷം/ഹെക്ടർ | 1,00,000 |
| 2 | കുളങ്ങളിലെ ആസാംവാള കൃഷി | 1.6 ലക്ഷം/ ഹെക്ടർ | 64,000 |
| 3 | കുളങ്ങളിലെ ഗിഫ്റ്റ് കൃഷി | 12.5 ലക്ഷം/ഹെക്ടർ | 5,00,000 |
| 4 | ആർ.എ.എസ് ഗിഫ്റ്റ് കൃഷി | 6 ലക്ഷം/യൂണിറ്റ് | 2,40,000 |
| 5 | പടുതാകുളങ്ങളിലെ കരിമീൻ കൃഷി | 1.25 ലക്ഷം/യൂണിറ്റ് | 50,000 |
| 6 | അടുക്കള കുളങ്ങളിലെ കരിമീൻ കൃഷി | 0.13 ലക്ഷം/ യൂണിറ്റ് | 5,200 |

**സെക്ഷൻ ആഫീസർ**